# അറിയിപ്പ്

ഗുരുവായൂർ ദേവസ്വം എംപ്ലോയീസ് യൂണിയൻ കോൺഗ്രസ്സും മറ്റു രണ്ട് പേരും ചേർന്ന് ഫയൽ ചെയ്ത WP(C)No.20053/2025 നമ്പർ റിട്ട് പെറ്റീഷന്റെ 30.05.2025 ലെ വിധിന്യായത്തിനെതിരെ ഹർജിക്കാർ ഫയൽ ചെയ്ത WA.No.1447/2025 നമ്പർ റിട്ട് അപ്പീലിലെ 09.01.2026 ലെ വിധി ന്യായത്തിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റ് 2015 ലെ സെക്ഷൻ 9(1) ഭരണഘടനാ വിരുദ്ധമാണെന്നും, ഗുരുവായൂർ ദേവസ്വത്തിലെ ഇനിയുള്ള എല്ലാ നിയമനങ്ങളും ഗുരുവായൂർ ദേവസ്വം ആക്റ്റ് 1978 പ്രകാരം നടത്തേണ്ടതാണെന്നും, ഗുരുവായൂർ ദേവസ്വത്തിലെ 38 തസ്തികകളിലേയ്ക്ക് കെഡിആർബി പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ റദ്ദ് ചെയ്തതായും, നാളിതുവരെ കെഡിആർബി നടത്തിയ നിയമനങ്ങൾക്ക് സാധുത ഉണ്ടായിരിക്കുമെന്നും, ഇനിയുള്ള നിയമനങ്ങൾക്കായി ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി പുതുതായി വിജ്ഞാപനങ്ങൾ ക്ഷണിക്കണമെന്നും, നിയമനപ്രക്രിയ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി റിട്ട.ജസ്റ്റിസ്.പി.എൻ.രവീന്ദ്രൻ, അഡ്വ.കെ.ആനന്ദ്, ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ എന്നിവർ ഉൾപ്പെടുന്ന പ്രത്യേക മേൽനോട്ടസമിതിയെ രൂപീകരിച്ചുകൊണ്ടും അവരുടെ വേതനം ഉൾപ്പെടെ നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച 2015 മുതൽ നാളിതുവരെ 145 തസ്തികകളിലേയ്ക്കായി ആകെ 216 വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയും 117 റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും 2958 പേർക്ക് സുതാര്യമായ മാർഗ്ഗത്തിലൂടെ അഴിമതിയും സ്വജനപക്ഷപാതവും പരിപൂർണ്ണമായും ഒഴിവാക്കി വ്യവസ്ഥാപിതമായ ചട്ടങ്ങൾ പാലിച്ചുകൊണ്ട് നിയമന ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിലേയ്ക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും, ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, പരീക്ഷാ നടപടികൾ സ്വീകരിച്ച വരുന്നതുമാണ്. ഗുരുവായൂർ ദേവസ്വത്തിലെ 38 തസ്തികകകളിലേയ്ക്ക് കെഡിആർബി പുറപ്പെടുവിച്ച വിജ്ഞാപനങ്ങളിൽ ഏകദേശം 1,00,000 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കി സ്വീകരിച്ച അപേക്ഷകളിൽ 95% ത്തോളവും നിയമനനടപടികൾ പൂർത്തിയായിരിക്കുകയാണ്. ഈ അവസരത്തിൽ വിജ്ഞാപനങ്ങൾ റദ്ദ് ചെയ്യുന്നതിലൂടെ പരീക്ഷ എഴുതുകയും അതിന്റെ വിധി കാത്തിരിക്കുകയും ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ ആശങ്ക പരിഹരിക്കുന്നതിനു വേണ്ടിയാണ് ഈ അറിയിപ്പ് പ്രസിദ്ധീകരിക്കുന്നത്. ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൽ നിന്നുണ്ടായ വിധിയ്ക്കെതിരെ ബഹു.സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിച്ചാൽ അപ്പീലിന് വിജയ സാധ്യതയുണ്ടെന്ന് നിയമോപദേശം കിട്ടിയിട്ടുണ്ട്. 09.01.2026 ലെ വിധിന്യായത്തിനെതിരെ ഉടൻ തന്നെ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യാൻ 12.01.2026 ൽ കൂടിയ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് യോഗം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അതിനാൽ റാങ്ക് പട്ടികയിൽ ഇടം പ്രതീക്ഷിച്ചിരിക്കുന്ന ഉദ്യോഗാർത്ഥികൾ ആശങ്കപ്പെടേണ്ടതില്ല എന്നറിയിക്കുന്നു.

ഒപ്പ്/-
സെക്രട്ടറി